**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **08-08-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്കുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ തുക നൽകാനുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | 2022-23 നെല്ല് സംഭരണ സീസണിലെ നെല്ലിന്റെ വില കൊടുത്തു തീർക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഈ സീസണിൽ 31.07.2023 തിയതി വരെ സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ നെല്ലിന്റെ വിലയായ 28.20 രൂപ കൈകാര്യ ചിലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ നൽകാനുള്ള 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകിയിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും കൊടുത്ത് തീർക്കുവാനുണ്ട്. ഇതിനായി 31.07.2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02.08.2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംഭരണ വില യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കർഷകർക്ക് നൽകാനുളള തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | കർഷകർക്ക് തുക നൽകുന്നതിനായി ഏതെല്ലാം ബാങ്കുകളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | 2022-23 സീസണിൽ നെല്ല് സംഭരണ വില പി.ആർ.എസ് വായ്പയായി നൽകുന്നതിനായി കേരള ബാങ്കുമായും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെടുന്ന ബാങ്കിംഗ് കൺസോഷ്യവുമായും സപ്ലൈകോ മുഖേന ധാരണപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. |
| (ഡി) | തുക നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ | (ഡി) | 31.07.2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02.08.2023ലെ |

| | | | |
|---|---|---|---|
| | സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്ന തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. വായ്പ ലഭ്യമാക്കുന്നതിനായി ബാങ്കിംഗ് കൺസോർഷ്യവുമായി ചർച്ച നടത്തുന്നുണ്ട്. കൂടാതെ, ഭാവിയിൽ നെല്ലുസംഭരണം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകാൻ കഴിയുന്ന ഒരു വായ്പാ സംവിധാനം രൂപീകരിക്കുന്നതിനായി കേരളബാങ്കുമായും കൂടിയാലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ